LIBRARY ARCHIVES Kerala Legislative Assembly

ജലത്തിൽ നിന്നല്ലാതെയുള്ള വൈദ്യുതി ഉല്പാദനം

38 (4029) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. കെ. ദാസൻ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവൈദ്യുത പദ്ധതിയിൽ നിന്നല്ലാതെ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിട്ട ഉല്പാദനം എത്രയായിരുന്നുവെന്നും ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പരമാവധിയാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ദ്രവ ഇന്ധന വില കൂടുതൽ കാരണം സംസ്ഥാനത്ത് ഇത്തരം നിലയങ്ങൾ പ്രവർത്തിപ്പിക്കാനാവുന്നില്ല. പ്രകൃതിവാതക നിലയങ്ങൾ തുടങ്ങുന്നതിന് നിലവിലുള്ള സാഹചര്യം അനുകൂലമല്ല. കൽക്കരി വൈദ്യുത നിലയം ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ ആരായുന്നുണ്ട്.

(ബി & സി) അനെർട്ട് മുഖേന 10000 വീടുകളിലായി, ഓരോ വീട്ടിലും ഒരു കിലോവാട്ട് സൗരോർജ്ജ പവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ മൊത്തത്തിൽ 10 മെഗാവാട്ട് വൈദ്യുതി ഉത്പാദന സ്ഥാപിത ശേഷി കൈവരിക്കാൻ ലക്ഷ്യമിടുന്നു. ഇതുവരെ 6593 വീടുകളിലായി 6.593 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളിൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വൈദ്യുതി ബോർഡ് സ്വന്തമായും സ്വകാര്യ സംരംഭങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വഴിയും 15 പദ്ധതികളിൽ നിന്നായി 91.56 MW സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന 12 പദ്ധതികളിൽ നിന്നും 102.6 MW ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. പുതുതായി 88 MW-ന്റെ പദ്ധതി നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. സ്വകാര്യ സംരംഭങ്ങൾ വഴി അഗളിയിലും, രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ ലക്ഷ്യമിട്ടിരുന്നത് പൂർത്തീകരിച്ച് ആകെ 32.85 MW സ്ഥാപിത ശേഷി വർദ്ധിപ്പിച്ചു. കാറ്റിൽ നിന്നും പാലക്കാട് ജില്ലയിലെ അഗളിയിൽ NHPC-യുമായി ചേർന്ന് 82 MW-ന്റെ ഒരു പദ്ധതിയും, കഞ്ചിക്കോട് INOX-ന്റെ 22 MW-ന്റെ പദ്ധതിയും ഇപ്പോൾ പ്രാരംഭ നടപടികളിലാണ്. 16.55206 MW (14 Nos.) സൗരോർജ്ജ പദ്ധതികൾ ബോർഡ് നടപ്പിൽ വരുത്താൽ ലക്ഷ്യമിടുന്നു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുകൂടാതെ NHPC-യുമായി ചേർന്ന് പടിഞ്ഞാറെക്കല്ലടയിൽ 50 MW-ന്റെ പദ്ധതിയും ഉദ്ദേശിക്കുന്നു. 0.71861 MW-ന്റെ grid connected പദ്ധതികൾ സ്ഥാപിക്കുന്നതിനായി 32 ഉപഭോക്താക്കൾ അപേക്ഷ നൽകിയിട്ടുണ്ട്. ഇവയിൽ 10 KW ഗ്രിഡുമായി കണക്ട് ചെയ്തു. ശേഷിക്കുന്നവ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് കണക്ട് ചെയ്യുന്നതാണ്. ഇവ കൂടാതെ ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തനസജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമായി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കാനുള്ള ഏകദേശം 36-42 MW പദ്ധതി, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിന് സമീപം ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഏകദേശം 400 MW കൊച്ചിൻ-മംഗലാപുരം പ്രകൃതിവാകത പൈപ്പ് ലൈൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലമാണ് ഈ പദ്ധതികൾ ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്തത്.

കൽപ്പറ്റ മണ്ഡലത്തിലെ തരിയോട്-കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതി

39 (4030) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ സെക്ഷന്റെ പരിധിയിലുള്ള തരിയോട് പഞ്ചായത്തിലെ രണ്ടാം വാർഡിൽപ്പെട്ട കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കോളനിയിലെ വീടുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly